## ദി കുങ്ഫു മാസ്റ്റർ

മലയാള സിനിമ മികച്ച മാറ്റങ്ങളുടെ പാതയിൽ.സിനിമയെ വളരെ ഗൗരവപൂർവം കണ്ട് തങ്ങളുടെ പ്രതിഭയെ മിനുക്കിയെടുത്ത് അത് പ്രേക്ഷകർക്ക് മുന്നിലേക്ക് എത്തിക്കുകയാണ് മലയാള സിനിമാ രംഗത്തുള്ള ഒരു കൂട്ടം പ്രതിഭാധനരായ യുവാക്കൾ.

അതിൽ മുൻ നിരയിൽ തന്നെ എബ്രിഡ് ഷൈൻന് സ്ഥാനമുണ്ട്.1983, ആക്ഷൻ ഹീറോ ബിജു ,പൂമരം, The കുങ്ഫു മാസ്റ്റർ... ചെയ്ത 4 ചിത്രങ്ങളും പ്രമേയത്തിന്റെയും അവതരണത്തിന്റെയും വ്യത്യസ്തത കൊണ്ട് ഏറെ ശ്രദ്ധേയമാണ്.ഈ സംവിധായകന്റെ ഓരോ ചിത്രവും അദ്ദേഹത്തിന്റെ മറ്റൊരു ചിത്രത്തിന്റെ ജനുസ്സിൽ വരില്ല.

പി.പദ്മരാജന്റെ ചിത്രങ്ങളെല്ലാം ഇതുപോലെയാണ്. ഓരോ ചിത്രവും നാം കാണുമ്പോൾ അതെല്ലാം ഓരോരോ സംവിധായകർ ആണോ ചെയ്തതെന്ന് തോന്നും. ആ ഒരു പാറ്റേണിൽ ആണ് എബ്രിഡ് ഷൈൻ ഓരോ ചിത്രങ്ങളും ഒരുക്കുന്നത്. എല്ലാ സംവിധായകർക്കും അവരവരുടെ സിനിമകളിൽ അവരുടേതായ മുദ്രകൾ ഉള്ളതായി നമുക്ക് കാണാം. ഉദാഹരണത്തിന് സത്യൻ അന്തിക്കാട് , ഷാജി കൈലാസ് , പ്രിയദർശൻ തുടങ്ങിയവരുടെ സിനിമകൾ.

ഇനി ഈ സിനിമ എന്ത് കൊണ്ട് ഇഷ്ടപ്പെട്ടു എന്ന് പറയാം. ഉത്തരാഖണ്ഡിലെ ബദരീനാഥും ,ഡെറാഡൂണും, മുസോറിയുമൊക്കെ ഇത്രയേറെ സുന്ദരമാണെന്ന് ഈ ചിത്രം കണ്ടപ്പോഴാണ് മനസിലായത്.നമ്മുടെ ഈ മഞ്ഞ്

മൂടിയ ഹിമാലയൻ താഴ് വരകൾ യൂറോപ്പ്യൻ രാജ്യങ്ങളെക്കാൾ എത്ര സുന്ദരം.രണ്ടേകാൽ മണിക്കൂർ പോയത് അറിഞ്ഞില്ല. ഒരു സാധാരണ പ്രതികാര കഥ മാർഷൽ ആർട്സുമായി ബന്ധിപ്പിച്ച് വളരെ മനോഹരവും എൻഗേജിങ്ങുമാക്കി ചിത്രീകരിച്ചിരിയ്ക്കുന്നു. നായികയും വില്ലനും ഗംഭീര പ്രകടനമാണ് കാഴ്ച്ച വച്ചിരിയ്ക്കുന്നത്. സംഘട്ടനരംഗങ്ങൾ ഇത്രയേറെ എന്നെ കോരിത്തരിപ്പിച്ച മറ്റൊരു സിനിമ ഇല്ല എന്ന് തന്നെ പറയാം.നായികയുടെ അച്ഛൻ ഒക്കെ എത്ര സ്വാഭാവികമായ പ്രകടനമാണ് കാഴ്ച്ചവച്ചിരിയ്ക്കുന്നത്.

ഒരിടത്തും ലാഗിങ്ങ് ഇല്ല എന്ന് മാത്രമല്ല , ഇടവേള കഴിഞ്ഞാൽ സിനിമ നമ്മെ ത്രസിപ്പിച്ച് കൊണ്ടങ്ങ് പായുകയാണ്.ക്ലൈമാക്സിൽ നാം അറിയാതെ തന്നെ കൈ അടിച്ചു പോകും , നമ്മുടെ മനസ്സ് നിറച്ച വളരെ വ്യത്യസ്തമായൊരു സിനിമ അനുഭവം എബ്രിഡ് ഷൈൻ നമുക്ക് തന്നതിന്. നായികയുടെ പെണ്ണ് കാണൽ ചടങ്ങിലെ അവരുടെ സ്വകാര്യ സംഭാഷണം അതീവ ഹൃദ്യമായാണ് ആവിഷ്ക്കരിച്ചിരിയ്ക്കുന്നത്. ഇടക്കാലത്ത് മലയാള സിനിമയ്ക്കുണ്ടായിരുന്ന മൂല്യച്യുതി ഇന്നിപ്പോൾ കുറച്ചെങ്കിലും പ്രതിഭകളുടെ നിറഞ്ഞ സാന്നിധ്യം കൊണ്ട് മാറുകയാണ്. ഏതാണ്ട് ഒരു ഹോളിവുഡ് സിനിമ കണ്ടിറങ്ങിയ പ്രതീതി. മികച്ച ബിജിഎം ഉം , ക്യാമറയും ചിത്രത്തിന്റെ നിലവാരം ഉയർത്തുക തന്നെ ചെയ്യുന്നു. തിയറ്ററിൽ തന്നെ ഈ ചിത്രം കണ്ടില്ലെങ്കിൽ ഒരു നഷ്ടം തന്നെയാണ്.

പേരെടുത്ത നടീനടന്മാരെയെല്ലാം ഒഴിവാക്കി ഒരു മുൻ വിധിയും പ്രേക്ഷകർക്ക് നൽകാതെ സിനിമ എടുക്കാൻ

എബ്രിഡ് ഷൈൻ കാണിച്ച ധൈര്യത്തിന് ഒരു ബിഗ് സല്യൂട്ട്. പിന്നെ കരുത്തുറ്റ തിരക്കഥയും , വികാര വിക്ഷോഭങ്ങൾ നിറഞ്ഞ സീനുകളും തമാശയും പ്രതീക്ഷിച്ച് സിനിമ കാണുവാൻ പോകാനിരിയ്ക്കുന്നവർ ആ ഭാഗത്തോട്ട് പോകണ്ട. നല്ലൊരു ഹിമാലയൻ യാത്രയും ഇടിവെട്ട് ആക്ഷൻ സീനുകളും മാത്രം കൊണ്ട് നമ്മുടെ മനം നിറയ്ക്കുന്ന ചിത്രമാണ് എബ്രിഡ് ഷൈനിന്റെ The കുങ്ഫു മാസ്റ്റർ. ധൈര്യമായി ടിക്കറ്റെടുക്കാം.

---ജയൻ മൺറോ---